## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 173** **3. 10.11 ൽ മറുപടിയ്ക്ക്**

## വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ. ലൂഡി ലൂയിസ്
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.എ.റ്റി.ജോർജ്

**മറുപടി**
ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ; | എ | വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റ് ആണ് മോണിറ്റർ ചെയ്യുന്നത്. BOT വ്യവസ്ഥയിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി നടപ്പിലാക്കുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റും M/s. ദുബായ് പോർട്ട് വേൾഡിന്റെ അനുബന്ധ സ്ഥാപനമായ M/s. ഇൻഡ്യാ ഗേറ്റ് വേ ടെർമിനൽ പ്രൈവറ്റ് ലിമിറ്റഡുമായി 31-1-2005-ൽ ഏർപ്പെട്ട എഗ്രിമെന്റ് പ്രകാരമാണ് വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. പ്രസ്തുത കരാർ പ്രകാരം ഘട്ടം ഘട്ടമായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.<br>ഒന്നാം ഘട്ട പ്രവർത്തനമെന്ന നിലയിൽ 600 മീ. നീളത്തിലുള്ള ബർത്തും, ചരക്കു സംഭരണത്തിനുള്ള സൗകര്യവും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തിയാക്കി 11-2-2011-ൽ പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്.<br>രണ്ടാം ഘട്ടമെന്ന നിലയിൽ ബർത്തിന്റെ വിപുലീകരണ പ്രവർത്തനവും മറ്റ് അനുബന്ധ സൗകര്യങ്ങളും തുറമുഖ നടത്തിപ്പുകാർ ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ പദ്ധതി പ്രദേശത്തേക്കുള്ള രണ്ടുവരി റോഡ് കണക്ടിവിറ്റിയും റെയിൽ കണക്ടിവിറ്റിയും പൂർത്തീകരിച്ചിട്ടുണ്ട്. നാലുവരിപ്പാതയുടെ നിർമ്മാണം ആരംഭി |

| | | | |
|---|---|---|---|
| | - | | ട്ടുണ്ട്. അപ്രോച്ച് ചാനലിന്റെ വീതിയും ആഴവും കൂട്ടുന്നതിനുള്ള ഡ്രെഡ്ജിംഗ് ജോലികളും നടന്നുവരുന്നു. |
| ബി | ഇതിന്റെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | ബി | ടെർമിനലിന്റെ സുഗമമായ പ്രവർത്തനത്തിന് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്.<br>1) പദ്ധതി പ്രദേശത്തിനാവശ്യമായ നാലു വരി പാതയുടെ അഭാവം പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.<br>2) 8000 ടി.ഇ.യു ശേഷിയുള്ള കപ്പലുകൾ ബർത്ത് ചെയ്യുന്നതിനാവശ്യമായ സൗകര്യമില്ലാത്തതും , ഇത്തരം കപ്പലുകൾക്ക് വരാനാവശ്യമായ ആഴമുള്ള ചാനൽ ഇല്ലാത്തതും സുഗമമായ പ്രവർത്തനത്തിന് തടസ്സമാവുന്നുണ്ട്.<br>3) കബോട്ടാഷ് നിയമത്തിലെ വ്യവസ്ഥ പ്രകാരം ഇൻഡ്യൻ കപ്പലുകൾക്ക് മാത്രമേ ആഭ്യന്തര ചരക്കു നീക്കം നടത്താൻ പാടുള്ളൂ എന്നതിനാൽ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നറുകളുടെ നീക്കത്തിന് മതിയായ സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. |
| സി | ടെർമിനലിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിലവിലുള്ള കബോട്ടാഷ് നിയമം ഭേദഗതി ചെയ്യണമെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ ? | സി | ഉണ്ട്.<br>കബോട്ടാഷ് നിയമത്തിൽ ആവശ്യമായ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്കും, ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പു മന്ത്രി, ബഹു. കേന്ദ്ര ഷിപ്പിംഗ് വകുപ്പ് മന്ത്രി, ഡെപ്യൂട്ടി ചെയർമാൻ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ എന്നിവർക്കും 1-9-2011 ൽ കത്തുകൾ അയച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**